പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/244/2020-A1** തീയതി :31.12.2020

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം

## പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം

പ്രളയ ബാധിത പ്രദേശങ്ങളിലെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന "പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം" എന്ന പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. തൊഴിലുമായി ബന്ധപ്പെട്ട ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, തൊഴിൽസ്ഥലം/സ്ഥാപനം മെച്ചപ്പെടുത്തുന്നതിനുമായി പരമാവധി 25,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.01.2021. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാനദണ്ഡങ്ങൾ

- അപേക്ഷകർ കേരളീയരും, സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗവുമായിരിക്കണം.
- സംസ്ഥാനത്തെ അന്ത്യോദയ അന്ന യോജന (AAY) – മഞ്ഞ നിറത്തിലുള്ള റേഷൻ കാർഡ് ഉള്ളവരായിരിക്കണം.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത്.
- പരമ്പരാഗത തൊഴിലുകളായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, ബാർബർ, കള്ള്ചെത്ത്, കരകൗശലം, കൊല്ലപ്പണി, മരാശാരി, കൽപ്പണി, സ്വർണ്ണപ്പണി, ചെരിപ്പ് നിർമ്മാണം മുതലായവ ചെയ്യുന്നവർക്ക് അപേക്ഷിക്കാം.
- താഴ്ന്ന പ്രായ പരിധി 25 വയസ്സും, ഉയർന്ന പ്രായപരിധി 60 വയസ്സും ആയിരിക്കും.
- വിധവ / ഭിന്നശേഷി / അഗതികൾക്ക് മുൻഗണന നൽകുന്നതാണ്.
- ദീർഘകാല ചികിത്സ ആവശ്യമായ ഗുരുതരമായ രോഗം ബാധിച്ചവരുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ചുവടെ പറയുന്ന രേഖകൾ സഹിതം വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസിൽ നേരിട്ടോ തപാൽമാർഗ്ഗമോ ലഭ്യമാക്കണം.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. ജാതി സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ്
3. സ്ഥാപനം/വസ്തു/പണിയായുധങ്ങൾ/തൊഴിൽസ്ഥലം നാശ നഷ്ടം വന്നത് സംബന്ധിച്ച് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുളള സാക്ഷ്യപത്രം
4. പരമ്പരാഗത തൊഴിലാളിയാണെന്ന സാക്ഷ്യപത്രം (തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും)
5. റേഷൻ കാർഡിന്റെ പകർപ്പ്
6. തിരിച്ചറിയൽ കാർഡ് / ആധാർ കാർഡിന്റെ പകർപ്പ്
7. തുക ചെലവഴിക്കുന്നത് സംബന്ധിച്ച് വെളളക്കടലാസിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട്
8. പണിയായുധങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിലവിവരം/മോഡൽ രേഖപ്പെടുത്തിയ ഇൻവോയ്സ്
9. അപേക്ഷകന്റെ പേരിലുളള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്
10. പ്രളയ ധനസഹായം ലഭ്യമായത് സംബന്ധിച്ച ബാങ്ക് പാസ്ബുക്കിന്റെ പേജിന്റെ പകർപ്പ്/ ബാങ്ക് സ്റ്റേറ്റ്മെന്റ് / സാക്ഷ്യപത്രം
11. മുൻഗണന അർഹിക്കുന്ന വിഭാഗമാണെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

- നിശ്ചിത തീയതിക്കകം ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും കുറഞ്ഞ കുടുംബ വാർഷിക വരുമാനം, പ്രളയം മൂലം കൂടുതൽ നഷ്ടം സംഭവിച്ചവർ, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.
- വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ അപേക്ഷയും, അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന നടത്തി, ഫീൽഡ്തല പരിശോധനയുടെ കൂടി അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.
- തെരഞ്ഞെടുക്കപ്പെടുന്നവർ സർക്കാരുമായി നിശ്ചിത മാതൃകയിൽ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്.
- ഒരു കുടുംബത്തിലെ ഒന്നിലധികം പേർക്ക് (ഒരേ റേഷൻ കാർഡിൽ അംഗങ്ങളാവയർ) ആനുകൂല്യം അനുവദിക്കുന്നതല്ല.
- ഒരാൾക്ക് രണ്ട് ഗഡുക്കളായി പരമാവധി 25,000/- രൂപ ഗ്രാന്റ് അനുവദിക്കുന്നു. ആദ്യ ഗഡു തുക 15,000/- രൂപ ലഭ്യമായ ശേഷം ടി തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകളും, പുരോഗതിയും വിലയിരുത്തി മാത്രം രണ്ടാം ഗഡു തുക അനുവദിക്കുന്നതാണ്.

**അപേക്ഷ അയക്കേണ്ട വിലാസം**

അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വൈബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സ്ഥാനത്ത് അപേക്ഷകന്റെ ഫോട്ടോ പതിച്ച് പൂരിപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ സഹിതം നൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി 32cm x 25cm വലിപ്പമുളള കവറിലിട്ട് തിരുവനന്തപുരം മുതൽ എറണാകുളം വരെയുളള ജില്ലകളിൽപ്പെട്ട അപേക്ഷകർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ-രണ്ടാം നില, കാക്കനാട്, എറണാകുളം-682030 എന്ന വിലാസത്തിലും, തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുളള ജില്ലകളിൽപ്പെട്ട അപേക്ഷകർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ-ഒന്നാംനില, കോഴിക്കോട്-673020 എന്ന വിലാസത്തിലും 30.01.2021 നകം ലഭ്യമാക്കേണ്ടതാണ്.

അപൂർണവും, അനുബന്ധ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

എറണാകുളം മേഖലാ ആഫീസ് –ഫോൺ : 0484 2429130

കോഴിക്കോട് മേഖലാ ആഫീസ് –ഫോൺ : 0495 2377786

വിശ്വസ്തതയോടെ,

(ഒപ്പ്)
പി.ഐ.ശ്രീവിദ്യ ഐ.എ.എസ്
ഡയറക്ടർ

ഉള്ളടക്കം :

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (ആമുഖ കത്ത് സഹിതം)
4. ഇൻഫർമേഷൻ ആഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
5. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - എറണാകുളം/കോഴിക്കോട്
6. ഡയറക്ടറുടെ മേശമേൽ
7. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, പി.വി.വി.വ
8. നോട്ടീസ് ബോർഡ്
9. കരുതൽ/അധികം

അംഗീകാരത്തോടെ

Sreejith P V
Digitally signed by Sreejith P V
Date: 2020.12.31 13:36:43 +05'30'

സീനിയർ സൂപ്രണ്ട്

ജില്ല : ............................................

കേരള സർക്കാർ

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

### പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുന:സ്ഥാപന ധനസഹായം- അപേക്ഷാ ഫാറം 2020 - 21

| | | | |
|---|---|---|---|
| 1 | അപേക്ഷകൻ/അപേക്ഷകയുടെ പേര് | | |
| 2 | അച്ഛന്റെ പേര് | | |
| 3 | a) സ്ഥിരംമേൽവിലാസം<br><br>ഫോൺ നമ്പർ : | b) ഇപ്പോഴത്തെ മേൽവിലാസം<br><br>മൊബൈൽ നമ്പർ : | |
| 4 | വയസ്സ്, ജനനതീയതി | | |
| 5 | ആൺ/പെൺ/ഭിന്നലിംഗർ | | |
| 6 | എ) ജാതി ബി)മതം | എ) | ബി) |
| 7 | കുടുംബ വാർഷിക വരുമാനം | | |
| 8 | ഇലക്ഷൻ തിരിച്ചറിയൽ കാർഡ്നമ്പർ | | |
| 9 | ആധാർ നമ്പർ | | |
| 10 | AAY റേഷൻ കാർഡ് നമ്പർ (നിർബന്ധം) | | |
| 11 | വില്ലേജ് | | |
| 12 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര് (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) | | |
| 13 | നിയമസഭാ മണ്ഡലം | | |
| 14 | ലോക് സഭാ മണ്ഡലം | | |
| 15 | ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിൽ | | |
| 16 | തൊഴിൽ സ്ഥലം/സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണപ്രദേശത്തിന്റെ പേര് | | |
| 17 | സ്വന്തം കെട്ടിടമോ /വാടക കെട്ടിടമോ | | |
| 18 | കെട്ടിട നമ്പർ | | |

| | | |
|---|---|---|
| 19 | തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ(ഉണ്ടെങ്കിൽ) | |
| 20 | കുടുംബാംഗങ്ങളുടെ എണ്ണം (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം) | |
| 21 | കുടുംബത്തിൽ ഭിന്നശേഷി ഉള്ളവർ ഉണ്ടോ? ഉണ്ടെങ്കിൽ ശേഷിയുടെ തരം | |
| 22 | കുടുംബത്തിൽദീർഘകാല ചികിത്സ ആവശ്യമായ ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർ ഉണ്ടോ? ഉണ്ടെങ്കിൽരോഗം/വിശദാംശം (മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 23 | അഗതി/വിധവയാണോ? (സാക്ഷ്യപത്രം ഹാജരാക്കണം) | |
| 24 | സർക്കാരിൽ നിന്ന് പ്രളയബാധിത ധനസഹായമായി ലഭിച്ച തുക | |
| 25 | ബാങ്ക് അക്കൌണ്ട് വിവരങ്ങൾ **(പാസ് ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം)** | |
| എ) | അക്കൌണ്ട് ഉടമയുടെ പേര് | |
| ബി) | അക്കൌണ്ട് നമ്പർ | |
| സി) | ഐ.എഫ്.എസ്. കോഡ് | |
| ഡി) | ബാങ്കിന്റെ പേര് | |
| ഇ) | ബ്രാഞ്ചിന്റെ പേര് | |

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, ഇതേ റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഇവിടെ ഫോട്ടോ പതിയ്ക്കുക

സ്ഥലം:

തീയതി : അപേക്ഷകന്റെ പേരും, ഒപ്പും

==========================================================================

## മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ട്

തീയതി

സ്ഥലം(ആഫീസ് സീൽ) **മേഖലാ ഡെപ്യൂട്ടിഡയറക്ടർ**

==========================================================================

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

| | | |
|---|---|---|
| ജാതി സർട്ടിഫിക്കറ്റ് | : | ☐ |
| വരുമാനസർട്ടിഫിക്കറ്റ് | : | ☐ |
| സ്ഥാപനം/വസ്തു/പണിയായുധങ്ങൾ/തൊഴിൽസ്ഥലം നാശ നഷ്ടം വന്നത് സംബന്ധിച്ച് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം | : | ☐ |
| പരമ്പരാഗത തൊഴിലാളിയാണെന്ന സാക്ഷ്യപത്രം (തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും) | : | ☐ |
| AAY റേഷൻ കാർഡിന്റെ പകർപ്പ് | : | ☐ |
| തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ് | : | ☐ |
| തുക ചെലവഴിക്കുന്നത് സംബന്ധിച്ച് വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് | : | ☐ |
| പണിയായുധങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിലവിവരം/മോഡൽ രേഖപ്പെടുത്തിയ ഇൻവോയ്സ് | : | ☐ |
| അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് | : | ☐ |
| പ്രളയധനസഹായം ലഭ്യമായത് സംബന്ധിച്ച ബാങ്ക് പാസ്ബുക്കിന്റെ പേജിന്റ പകർപ്പ്/ ബാങ്ക് സ്റ്റേറ്റ്മെന്റ്/സാക്ഷ്യപത്രം | : | ☐ |
| അഗതി/വിധവ/രോഗ ബാധിതരുള്ള കുടുംബം സംബന്ധിച്ച രേഖ | : | ☐ |

==========================================================================

അപേക്ഷകന്റെ ഫോട്ടോ പതിച്ച അപേക്ഷയും, മേൽപ്പറഞ്ഞിട്ടുള്ള രേഖകളും നൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി വലുപ്പത്തിലുള്ള കവറിലിട്ട് ചുവടെ പറയുന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.

| **തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ അപേക്ഷകർ** | **തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ അപേക്ഷകർ** |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (രണ്ടാം നില)<br>കാക്കനാട്, എറണാകുളം– 682030<br>ഫോൺ/ഫാക്സ് : 0484-2429130<br>email: **bcddekm@gmail.com** | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (ഒന്നാം നില)<br>കോഴിക്കോട് - 673020<br>ഫോൺ : 0495-2377786<br>email: **bcddkkd@gmail.com** |

# വില്ലേജ് ആഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം

............................................................ ജില്ലയിൽ .......................................... വില്ലേജിൽ ............................................ പഞ്ചായത്തിൽ ................................... ദേശത്ത് ............................................ വീട്ടിൽ .................................................... മകൻ/മകൾ ആയ .......................................................................... എന്നയാളുടെ തൊഴിൽസ്ഥലം/പണിയായുധങ്ങൾ/ സ്ഥാപനത്തിന് ........... വർഷത്തിൽ ഉണ്ടായ പ്രളയത്തിൽ **ഗുരുതരമായ/ഇടത്തരം/ലഘുവായ***
നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നും, ടിയാൾക്ക്/കുടുംബത്തിന് .................................................... ..............................................................................................രൂപ (അക്കത്തിലും അക്ഷരത്തിലും) സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതിനായി ഈ സാക്ഷ്യപത്രം അനുവദിക്കുന്നു.

(ആഫീസ് മുദ്ര)

വില്ലേജ് ആഫീസറുടെ ഒപ്പ് :
പേര് :
പെൻ നമ്പർ :
ഔദ്യോഗിക മുദ്ര :

തീയതി:
സ്ഥലം:

** നാശ നഷ്ടം ഗുരുതരമോ, ഇടത്തരമോ, ലഘുവോ എന്നതിൽ ബന്ധപ്പെട്ടത് മാത്രം ടിക് ചെയ്ത്, മറ്റുള്ളവ റദ്ദ് ചെയ്യേണ്ടതാണ്.*

# തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം

........................................................................................................ ജില്ലയിൽ ........................................................ പഞ്ചായത്തിൽ .................................. വാർഡിൽ ........................................ വീട്ടിൽ ............................................... മകൻ/മകൾ ആയ ................................................................ എന്നയാൾ .......... വർഷമായി നെയ്ത്ത്/മൺപാത്ര നിർമ്മാണം/ബാർബർ/കള്ള് ചെത്ത്/കരകൌശലം/കൊല്ലപ്പണി/മരാശാരി/കൽപ്പണി/സ്വർണ പ്പണി/ചെരിപ്പ് നിർമ്മാണം/.................................. എന്ന പരമ്പരാഗത തൊഴിൽ* ചെയ്യുന്നയാളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതിനായി ഈ സാക്ഷ്യപത്രം അനുവദിക്കുന്നു.

(ആഫീസ് മുദ്ര)

**ഒപ്പ് :
പേര് :

ഔദ്യോഗിക മുദ്ര :

തീയതി:
സ്ഥലം:

** ബന്ധപ്പെട്ടത് ടിക് ചെയ്ത്, മറ്റുള്ളവ റദ്ദ് ചെയ്യേണ്ടതാണ്.*

*** തദ്ദേശ ഭരണ സ്ഥാപനത്തിലെ സെക്രട്ടറി/പ്രസിഡണ്ട്/ചെയർമാൻ/ചെയർപേഴ്സൺ/മേയർ എന്നിവരിൽ നിന്നുള്ള സാക്ഷ്യ പത്രം മാത്രമേ പരിഗണിക്കു.*